Some journeys are not just about destinations, but about the depth of experiences that shape a person. This week, a banker whose life beautifully intertwines intellect, creativity, and resilience is adjudged the Talented Banker of the Week.

Uma Nandini
State Bank of India
Thiruvarpu branch

Born in Thrissur, Uma was brought up in a family that valued knowledge, discipline, and meaningful conversations. Her father, G. Janardhanan Nair, served as a government official in Fire and Rescue Services, while her mother, Nandini T, was a homemaker who nurtured the family with warmth and strength. She also shares a close bond with her brother Ullas Krishnan who is currently working as a Project Manager in the research wing of Dalmia Cements.

Uma's childhood was deeply influenced by her father, whose wisdom and storytelling left a lasting impression on her young mind. Long hours of discussions on history, spirituality, humanity, humour, Kathakali, epics, and even astrology shaped her thinking and widened her perspective of life. As a child, she used to wonder at the vast knowledge her father possessed in Astrology and his vision to see through human life and occult science. Those moments quietly sowed the seeds of a thinker—and a writer.

Her early schooling began in Kollam, where she completed her LKG with her grandparents, before moving to Thiruvananthapuram following her father's transfer. She then pursued her schooling at Chinmaya Vidyalaya, Thiruvananthapuram. It was here that her love for literature and creativity blossomed, guided by inspiring teachers—especially her English teachers, who were her favourites.

An avid reader from a young age, Uma found herself deeply drawn to philosophical and spiritual writings. She believed that somewhere within words lay a path to understanding eternity. This passion soon transformed into expression—she began writing poems after completing her 12th standard, while in an ashramam with her brother.
Her college years at SCT College of Engineering, where she pursued Biotechnology, marked a significant phase in her creative journey. During this time, she wrote nearly 50 poems, often sharing them with friends who patiently listened and encouraged her. She expresses her heartfelt gratitude for the overwhelming support of her friends that prompted her to write better. It was a time of exploration—of thoughts, emotions, and identity.

After graduation, Uma chose to work as a home-based medical transcriptionist and editor at Acusis India Pvt. Ltd., a decision that gave her the flexibility to nurture her writing. She describes this period as one of the most fulfilling phases of her life—where words flowed freely and creativity thrived.

However, life had other plans. In search of new experiences and companionship, she joined her school-time friend, Meera in preparing for a banking career. What began as a casual step soon turned into a defining decision when she listened to the passionate words of one of the main tutors of Brilliance Academy about the need to stand tall on one's own feet. Within just three months of focussed effort, Uma cleared her exams and joined State Bank of Travancore (SBT) as a Probationary Officer in 2010 – a job that brought light, confidence and joy to her and her loved ones.

Her banking journey began with training at Kazhakootam, Chengannur, and MG Road, followed by

her first posting in Kozhikode. She later served in the ITS Department at Head Office, Thiruvananthapuram, and at ISB, Ernakulam, gaining diverse exposure across domains.

Post-merger, she continued her journey with State Bank of India, taking on roles of increasing responsibility—Branch Manager at Kumbalam, CSO (SME) at Ernakulam, and currently serving as Service Manager at Thiruvarpu. In every role, she has been known as a sincere, conscientious banker who carries out her responsibilities with quiet efficiency.

Yet, amidst the demands of banking, the poet within her never faded—it only paused.
After nearly a decade, in 2020, during her tenure as Branch Manager, a simple yet powerful quote by her Regional Manager through Teams meeting rekindled her inner voice: “If you truly want to do something, you will find a way. If you don’t want to do, you will find numerous ways for not doing it…” And she restarted her play with words.

Uma returned to writing with renewed passion, penning poems on life, people, nature, friendships, journeys, and even her experiences in banking. Her words found wings—she published two poetry books, “Self Blinks” and “The Best Strings”. Her work gained recognition, including appreciation for her book from DRDC and a notable 11th position in a National online poetry competition conducted by S7 Poetry. Her poems have also been featured in various anthologies and magazines.

Beyond poetry, Uma continues to explore her creative and personal interests. She is practicing being a trained speaker, a student of Veena, a fitness enthusiast who enjoys gym and trekking, and someone who finds joy in dancing—even to Punjabi songs! Recently, she has also developed an admiration for ancient martial arts, reflecting her ever-evolving spirit.

Uma is married to Chandrababu A, a High Court advocate. Married in 2010, their journey together has been one of strength and support. She is a proud mother to two sons Havish Krishnan and Harshith Krishnan born in 2012 and 2016 respectively. Despite personal challenges, including the loss of her father in 2011, Uma has continued to move forward with grace and courage.

Uma Nandini’s story is not just about a banker—it is about a thinker, a poet, a learner, and a woman who continues to rediscover herself through every phase of life. She is a true inspiration who reminds us that no matter how busy life gets, our passions are always waiting for us to return.

We take this opportunity to wish her many more milestones, creative pursuits, and beautiful chapters ahead.
------------------------------------------------------------------------------------------------

Original Article: Arya Gayathry , State Bank of India, RBO Pathanamthitta

മലയാളം പരിഭാഷ : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

------------------------------------------------------------------------------------------------

ചില യാത്രകൾ ലക്ഷ്യം കൊണ്ടല്ല പ്രാധാന്യം നേടുന്നത്, അത് യാത്രികന്

നൽകുന്ന അനുഭവങ്ങൾ അയാളെ എങ്ങനെ സ്വയം രൂപപ്പെടാൻ സഹായിക്കുന്നു എന്നതാണ്. ജീവിതയാത്ര അത്തരത്തിൽ മനോഹരമായി പരുവപ്പെടുത്തിയ ഒരാളിലൂടെ ഈ ദളം വിടരുന്നു.

ഉമാ നന്ദിനി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
തിരുവാർപ്പ് ശാഖ

കൊല്ലം സ്വദേശിയും ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തിൽ ഉദ്യോഗസ്ഥനുമായിരുന്ന ജി. ജനാർദ്ദനൻ നായരുടെയും തൃശൂർ സ്വദേശിനിയും വീട്ടമ്മയുമായ നന്ദിനിയുടെയും മകളായ ഉമയും ഡാൽമിയ സിമന്റ്സിൽ റിസർച്ച് വിഭാഗത്തിൽ പ്രോജക്ട് മാനേജർ ആയി ജോലി ചെയ്യുന്ന സഹോദരൻ ഉല്ലാസ് കൃഷ്ണനും അച്ഛൻ പറയുന്ന കഥകളും പുരാണങ്ങളും, ചരിത്രവും,കലകളും, കഥകളിയും എന്ന് വേണ്ട സൂര്യന് താഴെയുള്ള ഏതും കേൾക്കുകയും അതിനെപ്പറ്റി കൂട്ടായ ചർച്ചകൾ ചെയ്യപ്പെടുകയും ചെയ്യുന്ന ഗൃഹാന്തരീക്ഷത്തിലാണ് വളർന്നത്. ജ്യോതിശാസ്ത്രം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ അച്ഛനുള്ള അവഗാഹം കണ്ട് അമ്പരന്ന ഒരു കുട്ടിയായിരുന്നു ഉമ. ഒരുപക്ഷേ താൻ പോലും അറിയാതെ തന്നിലെ എഴുത്തുകാരി രൂപപ്പെട്ടതും അക്കാലത്തായിരുന്നു എന്ന് ഉമ വിലയിരുത്തുന്നു.

മുത്തശ്ശനും മുത്തശ്ശിക്കും ഒപ്പം കൊല്ലത്തായിരുന്നു ഉമയുടെ പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് അച്ഛന്റെ സ്ഥലം മാറ്റത്തിന് ഒപ്പം തിരുവനന്തപുരത്തേക്ക് കുടുംബം ചേക്കേറിയതോടെ തുടർ വിദ്യാഭ്യാസം ചിന്മയ വിദ്യാലയത്തിൽ ആയി. അവിടുത്തെ അധ്യാപകരുടെ സ്വാധീനമായിരുന്നു ആംഗലേയഭാഷയിലെ പ്രാവീണ്യം പുറത്തുകൊണ്ടുവന്നത്.

നന്നായി വായിക്കുമായിരുന്ന ഉമയ്ക്ക് ആത്മീയവും തത്വചിന്താപരവുമായ കാര്യങ്ങളിൽ കൂടുതൽ താല്പര്യം തോന്നിത്തുടങ്ങിയത് സ്കൂൾ കാലഘട്ടത്തിലാണ്.പന്ത്രണ്ടാം ക്ലാസിൽ എത്തിയതോടെ ഉമ കവിതകൾ എഴുതുന്നതിലേക്ക് തന്റെ ശ്രദ്ധയെ തിരിച്ചുവിട്ടു.

ശ്രീ ചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിങ്ങിൽ നിന്നും ബയോടെക്നോളജിയിൽ ബിരുദം എടുക്കുന്ന കാലത്ത് ഏതാണ്ട് 50 ഓളം കവിതകളാണ് എഴുതിയത്. ഉമയുടെ എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്ന സഹപാഠികൾ ആയിരുന്നു അന്നത്തെ ഏറ്റവും വലിയ സമ്പത്ത്.

ബിരുദ പഠനത്തിനുശേഷം അക്കുസിസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ ജോലി ചെയ്യുന്ന കാലത്ത് തന്റെ എഴുത്തിനെ കൂടുതൽ മെച്ചപ്പെടുത്താൻ ഉമക്ക് കഴിഞ്ഞു.

സ്കൂളിൽ സഹപാഠിയായിരുന്ന മീരയ്ക്കൊപ്പം ബാങ്ക് ടെസ്റ്റുകൾക്ക് തയ്യാറെടുക്കാൻ തുടങ്ങിയത് ആ കാലത്താണ്. ജീവിതത്തിൽ ആദ്യം

വേണ്ടത് സ്വന്തം കാലിൽ നിൽക്കാനുള്ള കഴിവാണ് എന്ന ബ്രില്ല്യന്റ് അക്കാദമിയിലെ പ്രധാന അധ്യാപകരിൽ ഒരാളുടെ ഉപദേശം ഉമയെ വല്ലാതെ സ്വാധീനിച്ചു. മൂന്നുമാസത്തെ കഠിന പ്രയത്നത്തിലൂടെ ബാങ്ക് ടെസ്റ്റ് പാസാവുകയും 2010ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ പ്രബേഷണറി ഓഫീസർ ആയി ബാങ്ക് ജീവിതം ആരംഭിക്കുകയും ചെയ്തു.

കഴക്കൂട്ടം, ചെങ്ങന്നൂർ, എംജി റോഡ് തുടങ്ങിയ ശാഖകളിലെ പ്രൊബേഷൻ ട്രെയിനിങ്ങിനു ശേഷം കോഴിക്കോട് ആയിരുന്നു ആദ്യ നിയമനം. ബാങ്കിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ ഐ ടി എസ് ഡിപ്പാർട്ട്മെന്റിലും എറണാകുളത്ത് ഐ എസ് ബി ഡിപ്പാർട്ട്മെന്റിലും ഉള്ള സേവന കാലഘട്ടം ബാങ്കിന്റെ പല മേഖലകളെയും അറിയാൻ ഉമക്ക് അവസരം നൽകി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ലയനത്തോടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് വന്ന ഉമ ബാങ്കിന്റെ എറണാകുളം കുമ്പളം ശാഖയിൽ ശാഖാ മാനേജർ ആയി. തുടർനിയമനം എറണാകുളം എസ് എം ഇ ബ്രാഞ്ചിൽ ആയിരുന്നു. അതിനുശേഷം ഇപ്പോൾ ജോലി ചെയ്യുന്ന തിരുവാർപ്പ് ബ്രാഞ്ചിൽ സർവീസ് മാനേജർ ആയി.
ജോലിയിൽ അങ്ങേയറ്റം ആത്മാർത്ഥതയും ഉത്തരവാദിത്വവും പ്രകടിപ്പിക്കുന്ന ഒരു ജീവനക്കാരി എന്ന നിലയിൽ ഉമ ബാങ്കിന്റെ എല്ലാ അംഗീകാരവും നേടിയിട്ടുണ്ട്.

ബാങ്കിന്റെ തിരക്കുകളുമായി പൊരുത്തപ്പെട്ട് തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിന് ശേഷമാണ് വീണ്ടും ഉമയുടെ സർഗാത്മക ജീവിതം തളിർത്ത് തുടങ്ങിയത്. ബാങ്കിന്റെ ഒരു മീറ്റിംഗിൽ പ്രഭാഷണം നടത്തിയ റീജണൽ മാനേജർ പറഞ്ഞു "നിങ്ങൾക്ക് ജീവിതത്തിൽ എന്തെങ്കിലും ചെയ്യാൻ ഉണ്ടെങ്കിൽ നിങ്ങൾ തീർച്ചയായും അതിന് ഒരു വഴി കണ്ടെത്തിയിരിക്കും, നിങ്ങൾക്കൊന്നും ചെയ്യണ്ട എന്നാണെങ്കിൽ അതിന് നിങ്ങൾ നൂറ് വഴി കണ്ടെത്തിയിരിക്കും.
ഈ വാക്കുകളാണ് ഉമയെ വല്ലാതെ സ്വാധീനിച്ചത്.

എഴുത്ത് കൂടുതൽ ശക്തമായതോടെ ഉമയുടെ കവിതകളിൽ നിരവധി വിഷയങ്ങൾ കടന്നുകൂടി. പ്രകൃതി, സൗഹൃദം, യാത്ര, ആത്മീയത, എന്തിന് ബാങ്ക് ജീവിതം പോലും കവിതയ്ക്ക് വിഷയമായി. രണ്ട് കവിതാസമാഹാരങ്ങൾ ഇതിനകം ഉമ പുറത്തിറക്കി. സെൽഫ് ബ്ലിങ്ക്സ്, ദ ബെസ്റ്റ് സ്ട്രിങ്സ് എന്നിവയാണ് ആ പുസ്തകങ്ങൾ. രണ്ടിനും നിരവധി അംഗീകാരങ്ങൾ ഉമയെ തേടി വന്നു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഡി ആർ ഡി സിയിൽ നിന്നും ലഭിച്ച പുരസ്കാരവും എസ് സെവൻ പോയട്രിയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ കവിതാ മത്സരത്തിൽ ലഭിച്ച പതിനൊന്നാം സ്ഥാനവും എടുത്ത് പറയേണ്ട അംഗീകാരങ്ങൾ ആണ്. നിരവധി ആനുകാലികങ്ങളിലും മാസികകളിലും ഉമയുടെ കവിതകൾ അച്ചടിച്ചു വന്നിട്ടുണ്ട്.

കവിത എഴുത്തു മാത്രമല്ല ഉമയുടെ മേഖലകൾ. നൃത്തവും വീണയും ഒക്കെ

ഉമയുടെ പാഠ്യ വിഷയങ്ങളാണ്. കളരിപ്പയറ്റ് പോലുള്ള കേരളത്തിന്റെ പ്രാചീന ആയോധനകലകളിലും ഏറെ താല്പര്യമാണ് ഉമക്ക്.

ഹൈക്കോടതിയിലെ പ്രമുഖ അഭിഭാഷകൻ ശ്രീ ചന്ദ്രബാബു.എ ആണ് ഉമയുടെ ജീവിത പങ്കാളി. 2010ലായിരുന്നു വിവാഹം. ചിന്മയ സ്കൂളിൽ എട്ടാം തരം വിദ്യാർത്ഥിയായ ഹവിഷ് കൃഷ്ണനും നാലാം തരം വിദ്യാർത്ഥിയായ ഹർഷിത് കൃഷ്ണനും ചേർന്ന കുടുംബം.

ജീവിതത്തെ വളരെ ആഴത്തിൽ അറിഞ്ഞും വളരെയധികം അവബോധത്തോടെ നിരീക്ഷിച്ചും ജീവിക്കാനാണ് തനിക്കിഷ്ടം എന്ന് ഉമ പറയുന്നു.
തന്റെ ഇഷ്ടങ്ങളെ മനസ്സോടെ ചേർത്തുപിടിച്ചും ഒപ്പം ബാങ്ക് ജീവിതത്തിൽ മികവ് പ്രകടിപ്പിച്ചും മുന്നേറുന്ന ഉമക്ക് ടി ബി കുടുംബം എല്ലാ ആശംസകളും നേരുന്നു.